(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പദ്ധതിയേതര ചെലവിൽ വരുത്തിയ കുറവ്

1 [1008] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2003-2004 വർഷത്തിൽ പദ്ധതിയേതര ചെലവുകൾക്ക് നീക്കി വച്ച തുക എത്രയാണ്;

(ബി) ഇത് മുൻവർഷത്തേതിൽ നിന്നും എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയേതര ചെലവ് ഇനത്തിൽ തൻവർഷം ചെലവായ തുക എത്രയാണ്;

(ഡി) പദ്ധതിയേതര ചെലവിൽ ഏതെല്ലാം ഇനങ്ങളിലാണ് തൻവർഷം കുറവ് വരുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത്തരത്തിൽ കുറവ് വരുത്തുന്നതിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2003-2004 വർഷത്തിൽ പദ്ധതിയേതര ചെലവുകൾക്കായി 17172.13 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ഇത് മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തേക്കാൾ 1439.15 കോടി രൂപ കൂടുതലാണ്.

(സി—ഇ) നടപ്പു സാമ്പത്തികവർഷത്തെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല.

പദ്ധതി-പദ്ധതിയേതര ചെലവുകൾക്ക് ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന തുകയിലെ വെട്ടിച്ചുരുക്കൽ

2 [1009] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 സാമ്പത്തിക വർഷത്തിൽ പദ്ധതി ചെലവുകൾക്കും പദ്ധതിയേതര ചെലവുകൾക്കും ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന തുകയിൽ സർക്കാർ എന്തെങ്കിലും വെട്ടിച്ചുരുക്കൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) 2003 ഡിസംബർ 31 വരെ ആരോഗ്യം, കൃഷി, വനം, ഫിഷറീസ്, ജലസേചനം, കുടിവെള്ളം, ഗതാഗതം എന്നീ മേഖലകളിൽ പദ്ധതി നിർദ്ദേശത്തിന്റെ എത്ര ശതമാനം തുക ചെലവഴിക്കപ്പെട്ടുകഴിഞ്ഞു എന്ന് വ്യക്തമാക്കുമോ; ഈ ചെലവുകൾ പദ്ധതി ലക്ഷ്യത്തിന് അനുസരിച്ചാണോ എന്നും അല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly